**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**2019-നവംബർ 19, ചൊവ്വ**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യങ്ങൾ**
**19.11.2019-ന് മറുപടി നൽകേണ്ടത്**

**ഹൗസിംഗ് ബോർഡിനുള്ള ബഡ്ജറ്റ് വിഹിതം**

| | ചോദ്യം -നം.5802 | മറുപടി |
|---|---|---|
| | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.റ്റി.എം.തോമസ് ഐസക്**<br>(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ | ഈ സർക്കാർ നിലവിൽ വന്ന ശേഷം ബഡ്ജറ്റിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഡ്ജറ്റിൽ 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| ബി | എങ്കിൽ ഓരോ വർഷവും ബോർഡ് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (see tables below) |

**പ്ലാൻ**

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക(ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 4285 | 3438 |
| 2017-18 | 3726 | 3012 |
| 2018-19 | 6130 | 417 |
| 2019-20 | 5241 | 100 |

**നോൺ പ്ലാൻ**

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 110.40 | 110.40 |
| 2017-18 | 118.64 | 118.64 |
| 2018-19 | 273.17 | 229.00 |
| 2019-20 | 123.17 | 45.00 |

ധനവകുപ്പ് റിലീസ് ചെയ്ത് നൽകിയിട്ടുള്ള മേൽ

| | | |
|---|---|---|
| | | തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായാണ് ബോർഡ് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2017-18 വരെ അനുവദിച്ച നൽകിയ തുകയിൽ വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 15.76 കോടി രൂപ സർക്കാർ തിരിച്ചെടുത്തു. |
| സി | ബോർഡിന്റെ പദ്ധതി ചെലവുകൾ ശരാശരിക്ക് താഴെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | പദ്ധതികളുടെ പുരോഗതിയുടെകൂടി അടിസ്ഥാനത്തിലാണ് പദ്ധതി ചെലവുകൾ വിലയിരുത്തുന്നത്. മുൻ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളുടെ അഭാവത്തിലും ബോർഡിൽ നടപ്പിലാക്കി വന്നിരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന സാഹചര്യവും വിലയിരുത്തി ഭവന നിർമ്മാണ ബോർഡിന് നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾക്കു മാത്രമാണ് നിലവിൽ തുക അനുവദിച്ച് വരുന്നത്. |

**അക്കൗണ്ട്സ് ഓഫീസർ**